**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5015** **20-03-2025 - ൽ മറുപടിയ്ക്ക്**

**മിനിമം കൂലി നിശ്ചയിക്കാനുള്ള മേഖലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം മേഖലകളിലെ മിനിമം കൂലിയാണ് ഇനി നിശ്ചയിക്കാനുള്ളതെന്നും അതിനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് 1948-ലെ മിനിമം വേതന നിയമ പ്രകാരമുള്ള പട്ടികയിൽ 87 തൊഴിൽ മേഖലകളെ ഉൾപ്പെടുത്തുകയും ആയതിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിച്ച വരുന്നതുമാണ്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മേഖലകളിൽ എയർപോർട്ട്, ചെറുകിട തോട്ടം എന്നീ മേഖലകളിലാണ് മിനിമം കൂലി ഇനി നിശ്ചയിക്കാനുള്ളത്.<br><br>മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ സർക്കാർ രൂപീകരിക്കുന്ന മൂന്ന് ഉപസമിതികളെയാണ് മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത മേഖലകളുടെ മിനിമം വേതനം നിശ്ചയിക്കുന്നത് സംബന്ധിച്ചും, മിനിമം വേതന വിജ്ഞാപനത്തിന്റെ കാലാവധി പൂർത്തിയായ മേഖലകളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ചുമുള്ള തെളിവെടുപ്പുകൾ നടത്തി സർക്കാരിന് ശിപാർശകൾ സമർപ്പിക്കുന്നതിനും ചുമതലപ്പെടുത്തുന്നത്. നിലവിൽ, കാലാവധി പൂർത്തിയായ മിനിമം വേതന ഉപദേശക സമിതി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരികെയാണ്. |

സെക്ഷൻ ഓഫീസർ